⇨ ബജറ്റിൽ 400 കോടിയിലധികം രൂപ ഇതിനുവേണ്ടി നീക്കിവച്ചിട്ടുമുണ്ട് ⇨

# അട്ടപ്പാടിയിൽ ആശങ്ക നിറച്ച് വീണ്ടും ജലസേചന പദ്ധതി

സർക്കാർ ഫയലുകളിൽ ഉറങ്ങിക്കിടന്നിരുന്ന അട്ടപ്പാടി വാലി ജലസേചന പദ്ധതി (എ.വി.ഐ.പി)യുടെ ഉണർത്തെഴുന്നേൽ ക്കലാണ് അട്ടപ്പാടിയുടെ മേൽ ഇപ്പോൾ പുതിയ ആശങ്കകളുടെ നിഴൽ പരത്തുന്നത്.

**ജി. രാധാകൃഷ്ണൻ**

**പോഷകാഹാരക്കുറവും** ശിശുമരണങ്ങളുമായി അട്ടപ്പാടിയിലെ ആദിവാസികളുടെ ദുരിതജീവിതം വീണ്ടും വാർത്തകളിൽ നിറയുകയാണ്. എന്നാൽ തുടർക്കഥയാകുന്ന ശിശുഹത്യകൾ ഭീതിയിലാഴ്ത്തിയിരിക്കുന്ന അട്ടപ്പാടിയിലെ ആദിവാസി ഊരുകളെ കടുത്ത ദാരിദ്ര്യത്തിലേക്കും നിസഹായതകളിലേക്കും തള്ളിവിടുന്ന മറ്റൊരു പദ്ധതി അവിടെ വീണ്ടും സജീവമാകുന്നത് ഈ വാർത്തകൾ അറിയാതെ പോവുകയാണ്. സർക്കാർ ഫയലുകളിൽ ഉറങ്ങിക്കിടന്നിരുന്ന അട്ടപ്പാടി വാലി ജലസേചന പദ്ധതി (എ.വി.ഐ.പി)യുടെ ഉണർത്തെഴുന്നേൽക്കലാണ് അട്ടപ്പാടിയുടെ മേൽ ഇപ്പോൾ പുതിയ ആശങ്കകളുടെ നിഴൽ പരത്തുന്നത്. 1980കളിൽ വിവിധ കാരണങ്ങൾക്കൊണ്ട് മുടങ്ങിപ്പോയ ഈ പദ്ധതി, കാവേരി ട്രിബ്യൂണൽ വിധിച്ച കേരളത്തിനുള്ള വിഹിതമായ 8 ടി.എം.സി ജലം ലഭിക്കാനുള്ള മാർഗ്ഗം എന്ന പിടിവള്ളിയിൽ പിടിച്ച് നടപ്പാക്കാൻ ഊർജ്ജിതമായ ശ്രമമാണ് സർക്കാർ നടത്തുന്നത്. 2013-14 വർഷത്തെ ബജറ്റിൽ 400 കോടിയിലധികം രൂപ ഇതിനുവേണ്ടി നീക്കിവച്ചിട്ടുമുണ്ട്. മുടങ്ങിപ്പോയ പദ്ധതി റിപ്പോർട്ട് പൊടിത്തട്ടിയെടുക്കുകയാണോ, 2000ൽ NEERI (National Environmental Engineering Research Institute) എന്ന ഏജൻസി സമർപ്പിച്ച പദ്ധതിരേഖ പ്രകാരമാണോ പദ്ധതി എന്നൊന്നും ആർക്കും നിശ്ചയമില്ല. ശിരുവാണിപ്പുഴയ്ക്കു കുറുകെ ചിറ്റൂരിൽ അണക്കെട്ട് പണിയുക എന്ന ആശയത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും ഇക്കാര്യത്തിൽ പരിസരവാസികളുടെയും കർഷകരുടെയും അഭിപ്രായം ആരായുകയോ, പഠനം നടത്തുകയോ ചെയ്യാതെയാണ് സർക്കാർ ആലോചനയുമായി മുന്നോട്ട് പോകുന്നത്. അണക്കെട്ട് നിർമ്മിക്കപ്പെടുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. പരിസ്ഥിതി ആഘാതപഠനം, പ്രായോഗികതാ പഠനം (Feasibility study) എന്നിവയെല്ലാം ലക്ഷങ്ങൾ മുടക്കിയാൽ തട്ടിക്കൂട്ടാനാവുമെന്ന് കേരളത്തിൽ പലവട്ടം തെളിയിക്കപ്പെട്ടിട്ടുണ്ട്.

### അട്ടപ്പാടി വാലി ജലസേചന പദ്ധതി (എ.വി.ഐ.പി)

ശിരുവാണിപ്പുഴയ്ക്ക് കുറുകെ ചിറ്റൂരിൽ അണക്കെട്ട് നിർമ്മിച്ച് അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോള

➩ *വെള്ളക്കടവ് എന്ന ആദിവാസി ഊരിലെ ആദിവാസികളുടെ ഭൂമി പിടിച്ചെടുത്ത് അവരെ മാറ്റിപ്പാർപ്പിച്ചു* ➩



യൂർ പഞ്ചായത്തുകളിലെ 4347 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ വിഭാവനം ചെയ്താണ് ഈ പദ്ധതി ആദ്യം ആരംഭിച്ചത്. അക്കാലത്ത് കുടിവെള്ള വിതരണം, മിനി ജലവൈദ്യുതപദ്ധതി എന്നിവയും ലക്ഷ്യമിട്ടിരുന്നു. പദ്ധതിക്കായി 10 കോടി യോളം രൂപയാണ് പൊതുഖജനാവിൽനിന്ന് ചെലവഴിക്കപ്പെട്ടിട്ടുള്ളതെന്നാണ് കണക്ക്.

നിർദ്ദിഷ്ട അണക്കെട്ട് പ്രദേശത്തേക്കുള്ള റോഡ്, ഡാം സൈറ്റിലേക്കുള്ള കവാടം, ഓഫീസുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, വർക്ഷോപ്പുകൾ, ടാറിങ് യൂണിറ്റ് തുടങ്ങി നിരവധി യൂണിറ്റുകളുടെ യന്ത്രസാമഗ്രികളും അവയ്ക്കുള്ള കെട്ടിടങ്ങളും അഗളിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളും ഹോസ്റ്റലും അടങ്ങിയ ക്യാമ്പസ് എന്നിവയ്ക്കാണ് രേഖകളിൽ ഈ പണം മുടക്കിയിരിക്കുന്നത്. ഒപ്പം ഡാം സൈറ്റുമുതൽ 15 കിലോമീറ്ററോളം ദൂരത്തിൽ ജലസേചന കനാലും ഉണ്ടാക്കി. നാനൂറോളം പേരെ കുടിയിറക്കി, ഭൂമി ഏറ്റെടുത്തു. വെള്ളക്കടവ് എന്ന ആദിവാസി ഊരിലെ ആദിവാസികളുടെ ഭൂമി പിടിച്ചെടുത്ത് അവരെ മാറ്റിപ്പാർപ്പിച്ചു. (ഡാം വന്നാൽ, ഇവരെ വീണ്ടും മാറ്റിപ്പാർപ്പിക്കേണ്ടി വരും). ഇതെല്ലാം ചെയ്തുകഴിഞ്ഞാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചത്. അനുമതിയുമില്ല, ഫണ്ടുമില്ല എന്നു മറുപടി ലഭിച്ചതോടെ പദ്ധതി ഉപേക്ഷിക്കപ്പെട്ടു.

പദ്ധതിക്കായി എടുത്ത ജീവനക്കാരെ നിലനിർത്തി ഓരോ തിരഞ്ഞെടുപ്പിലും ഡാം ഒരു പ്രധാന വാഗ്ദാനമായി മുന്നോട്ടുവച്ചു. അന്നത്തെ അട്ടപ്പാടി വരണ്ടതായിരുന്നെങ്കിലും, വെള്ളം ലിഫ്റ്റ് ചെയ്ത് കുന്നിൻ ചരിവുകളിൽ കൃഷിയിറക്കാമെന്ന സ്വപ്നം പ്രയോഗികമല്ലെന്ന വാദം കേൾക്കേണ്ടവർ ചെവിക്കൊണ്ടില്ല. ഇരുപതിലേറെ വർഷം കഴിഞ്ഞിട്ടും പണിതിട്ടില്ലാത്ത ഡാമിന്റെ എൻജിനിയർമാർ മുതൽ വെള്ളമൊഴുകാത്ത കനാലിന്റെ ലസ്കർ വരെയുള്ള ഒരുകൂട്ടം ആളുകളെ മറ്റു വകുപ്പുകളിലേക്ക് മാറ്റാതെ നിലനിർത്തിയത് മൂലം പൊതുഖജനാവിനുണ്ടായ ചെലവുകൂടി പദ്ധതിക്കായി പാഴാക്കിയ കോടികളിൽ പെടുത്താം. ഇന്നും ഡാമിനായി സ്വന്തം വീടുകളിൽ കാത്തിരിക്കാനും മാസത്തിൽ മൂന്നോ നാലോ ദിവസം മാത്രം അട്ടപ്പാടിയിൽ വന്ന് ശമ്പളം കൈപറ്റാനും ഭാഗ്യം സിദ്ധിച്ച ജീവനക്കാർ അവശേഷിക്കുന്നുണ്ട്.

സാമ്പത്തിക നഷ്ടം മാത്രമല്ല ഈ പദ്ധതി വരുത്തവച്ചത്. പദ്ധതി പ്രദേശത്തുനിന്ന് ബലമായി ഒഴിപ്പിക്കപ്പെട്ട വെങ്കക്കടവ് ഊരിലെ ഇരുള വിഭാഗം ആദിവാസികൾക്ക് ലഭിച്ചത് കേറിക്കിടക്കാൻകൂടി ഇടമില്ലാത്ത വീടുകളാണ്. തീ കത്തിച്ചാൽ വീടുമുഴുവൻ പുക കൊണ്ടു മൂടും. അറ്റകുറ്റപ്പണികൾ നടത്താനുള്ള ബാധ്യതയിൽനിന്ന് അവശിഷ്ട എ.വി.ഐ.പി ഒഴിഞ്ഞുമാറി. ഗ്രാമപഞ്ചായത്ത്, പി.ഡബ്ലിയു.ഡി ട്രൈബൽ ഡിപ്പാർട്ട്മെന്റ്

*⇨ സ്വാധീനശേഷിയുള്ള ചില കർഷകർ തങ്ങളുടെ ഭൂമിയിൽ പ്രവേശിച്ച് (അനധികൃതമായി) കൃഷിയിറക്കി ⇨*

**പദ്ധതിക്കായി വീണ്ടും കുടിയിറക്കപ്പെടേണ്ടിവരുന്ന ആദിവാസികൾ**

| ഊരിന്റെ പേര് | കുടുംബങ്ങൾ | |
|---|---|---|
| വെങ്കക്കടവ് | 44 | ഡാമിനായി രണ്ടാമതും കുടിയിറക്കപ്പെടുന്നു |
| ചുണ്ടുകുളം | 73 | നിർദ്ദിഷ്ട ഡാമിന് താഴെ സ്ഥിതി ചെയ്യുന്ന ഊര് |
| കോട്ടമല | 117 | നിർദ്ദിഷ്ട ഡാമിന് താഴെ സ്ഥിതി ചെയ്യുന്ന ഊര് |
| കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസി ഇതരവിഭാഗക്കാർ | അമ്പതിൽ താഴെയെന്ന് ഏകദേശ കണക്ക് | |

തുടങ്ങിയ സ്ഥാപനങ്ങൾ അത് എ.വി.ഐ.പിയുടെ ബാധ്യതയാണെന്ന് പറഞ്ഞ് ഇടപെടാൻ വിസമ്മതിച്ചു. പലർക്കും കൃഷിഭൂമി നഷ്ടമായി. കുടിയൊഴിപ്പിക്കപ്പെട്ടവരും കൃഷിഭൂമി നഷ്ടമായവരും ഇന്നും ദുരിതപൂർണ്ണമായ ജീവിതമാണ് നയിക്കുന്നത്. കുടിയിറക്കപ്പെട്ട മിക്ക കർഷകർക്കും പൊന്നുംവില ലഭിച്ചെങ്കിലും, പദ്ധതി നടക്കാത്തതിനാൽ തങ്ങൾ നട്ടുപിടിപ്പിച്ച കുരുമുളക്, കാപ്പി തോട്ടങ്ങൾ അനാഥമായി കിടക്കുന്ന കാഴ്ചയാണ് ഇപ്പോൾ കുടിയേറ്റ കർഷകരെ ഏറെ വിഷമിപ്പിക്കുന്നത്. കുറവൻപാടി, പോത്തുപ്പാടി, പുലിയറ, തുമ്പപ്പാറ തുടങ്ങിയ സമീപപ്രദേശങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യവും പദ്ധതി കാരണമുണ്ടായി. റോഡുകൾ ടാറിടാൻ പോലും എ.വി.ഐ.പി തടസ്സം നിന്നു. പതിനഞ്ച് കിലോമീറ്ററോളം തകർന്നു കിടക്കുന്ന റോഡിൽ മഴക്കാലത്ത് വെള്ളം വന്ന് നിറയും. യാത്രാ സൗകര്യം നഷ്ടമായതോടെ പഠനം മുടങ്ങിയ വിദ്യാർത്ഥികളും കാർഷികോല്പന്നങ്ങൾ കമ്പോളത്തിലെത്തിക്കാൻ കഴിയാത്ത കർഷകരും ഈ ഭാഗങ്ങളിൽ ഏറെയുണ്ട്.

ഡാം സൈറ്റിനടുത്തുള്ള ചിറ്റൂർ ഊരിലെ മുഡുഗവിഭാഗം ആദിവാസികൾക്ക് തങ്ങൾ താമസിക്കുന്ന അല്പം ഉയർന്ന പ്രദേശത്തേക്ക് ഏതാനും വർഷം മുമ്പുവരെയും ഒരു നടപ്പാത ഉണ്ടാക്കാൻ അനുമതിയുണ്ടായിരുന്നില്ല. അവരുടെ ഊരിന്റെ അതിർത്തിയിലുള്ള ഭാഗം എ.വി.ഐ.പിയുടെതാണ്. എ.വി.ഐ.പി അതോറിറ്റിയുടെ അനുമതി ഉണ്ടെങ്കിൽ മാത്രമെ അവിടെ നടപ്പാത നിർമ്മിക്കാൻ കഴിയൂ. ആ അനുമതി ലഭിക്കാത്തത് ചിറ്റൂർ ഊരിലുള്ള മുഡുക ആദിവാസികൾക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഡാം നിർമ്മാണം ഉപേക്ഷിക്കപ്പെട്ടോ, ഇല്ലയോ എന്ന അട്ടപ്പാടിയുടെ ചോദ്യത്തിന് ഏറെക്കാലമായി വ്യക്തമായ മറുപടി നൽകാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. മറുപടിയൊന്നും കിട്ടാത്തതിനാൽ സ്വാധീനശേഷിയുള്ള ചില കർഷകർ തങ്ങളുടെ ഭൂമിയിൽ പ്രവേശിച്ച് (അനധികൃതമായി) കൃഷിയിറക്കി. 2009 ൽ ആദിവാസികൾ നഷ്ടപ്പെട്ട ഭൂമിയിൽ തിരികെ പ്രവേശിച്ച് കുടിൽകെട്ടി താമസമാരംഭിച്ചിരുന്നു. 2002 നുശേഷം പദ്ധതിക്കായി സർക്കാർ ഫണ്ട് അനുവദിക്കാതായതോടെ, ഭൂമി തിരികെ നൽകണമെന്ന ആവശ്യവുമായി ഭൂമി നഷ്ടപ്പെട്ടവർ കോടതിയെ സമീപിക്കാൻ ഒരുങ്ങവെയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് പ്രകടനപത്രികയിൽ ചിറ്റൂർ ഡാം ഇടംപിടിച്ചത്. തുടർന്ന് 2010 ലെ വോട്ട് ഓൺ അക്കൗണ്ടിലും പുതിയ ബജറ്റിലും ഡാം പ്രഖ്യാപിക്കപ്പെട്ടു.

### പദ്ധതി വന്നാൽ

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായില്ലെങ്കിൽപ്പോലും ഡാം വരുമെന്നാണ് അട്ടപ്പാടിയിൽ ഭൂരിപക്ഷം ജനങ്ങളും ഇന്ന് വിശ്വസിക്കുന്നത്. കാവേരി നദീജല തർക്കം പരിഹരിക്കുന്നതിനായി രൂപീകരിച്ച ട്രിബ്യൂണലിന്റെ വിധിയിൽ കേരളത്തിന് 8 ടി.എം.സി. വെള്ളം അനുവദിച്ചത് ഡാമിനായുള്ള നീക്കത്തിന് അട്ടപ്പാടിക്കു അകത്തും പുറത്തും ശക്തി കൂട്ടി. കേരളത്തിന്റെ ജലം തമിഴ്നാട് കൊണ്ടുപോകുന്നത് അനുവദിക്കരുതെന്ന മലയാളി വികാരവും അണക്കെട്ടിന് അനുകൂലമായി മാറും. കേന്ദ്രവും കേരളവും ഭരിക്കുന്നത് ഒരേ ക

ക്ഷികളെന്നതും ഡാം ലോബി തങ്ങൾക്കനുകൂലമാക്കി മാറ്റും. എന്നാൽ ഡാമിന് വേണ്ടി ആലോചനകൾ നടത്തുന്നവർ പരിഗണിക്കേണ്ട ചില പ്രധാനകാര്യങ്ങളുണ്ട്. പതിറ്റാണ്ടുകൾക്കു മുമ്പ് വിഭാവനം ചെയ്ത ഈ ഡാം ഇന്നും ആവശ്യമാണോ എന്നതാണ് മുഖ്യമായും പരിഗണിക്കേണ്ട കാര്യം. അട്ടപ്പാടിയുടെ ഭൂപ്രകൃതിയിൽ കാര്യമായ മാറ്റങ്ങൾ വന്നുകഴിഞ്ഞു. ചെലവേറിയതെന്നു വിലയിരുത്തിയ ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അതേപടി ഇന്ന് അട്ടപ്പാടിക്കാവശ്യമില്ല. സുഗതകുമാരിയുടെ മുൻകയ്യിൽ ആരംഭിച്ച കൃഷ്ണവനം പദ്ധതിയും അതിനെ തുടർന്ന് നടപ്പാക്കിയ അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപനപദ്ധതിയും പച്ചപ്പും വെള്ളഴും അട്ടപ്പാടിയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഏറെ പ്രയാസപ്പെട്ട് വീണ്ടെടുത്ത ആ പച്ചപ്പിനെ നശിപ്പിക്കുന്നതരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഇനി അട്ടപ്പാടിയിൽ ഉണ്ടാകാൻ പാടില്ല. പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യാതെ ജീവിക്കുന്ന ആദിവാസികളെയാണ് ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഗുരുതരമായി ബാധിക്കുന്നത് എന്നതും അനുഭവങ്ങൾ തെളിയിച്ച വസ്തുതയാണ്. ആദിവാസികളുടെ പങ്കാളിത്തത്തിലും പരിപാലനത്തിലും അധിഷ്ഠിതമായ (community management and benefit sharing) ചെറുകിട ജലസേചന പരിപാടികളും വനവിഭവ പരിപാലന യൂണിറ്റുകളുമാണ് അട്ടപ്പാടിക്ക് ഇപ്പോൾ അനുയോജ്യം.

എന്നാൽ, ബൃഹത്പദ്ധതിയായ ഡാം തന്നെയാണ് വേണ്ടതെന്ന് മതിയായ ആലോചനകളോ, ആദിവാസി സംഘടനകളുമായും കർഷകസംഘടനകളുമായും ചർച്ചചെയ്യാതെയും ഏകപക്ഷീയമായി അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഡാമിന്റെ നിർമ്മാണത്തിനായി NEERI തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പോലും അപ്രസക്തമാകും വിധം ഇന്ന് സാഹചര്യങ്ങൾ മാറിയിരിക്കുന്നു.

അട്ടപ്പാടിയിലെ ആദിവാസികളുടെ നിസ്സഹായാവസ്ഥ മുതലെടുത്ത് സുസ്‌ലോണിന്റെ കാറ്റാടി പദ്ധതി വരുത്തിവച്ച പരിസ്ഥിതിനാശവും ഭൂമിതട്ടിപ്പും കൺമുന്നിലുള്ളപ്പോൾ പുതിയതായി വരുന്ന പദ്ധതികൾ തീർച്ചയായും ജാഗ്രതയോടെ വീക്ഷിക്കപ്പെടേണ്ടതുണ്ട്. കാറ്റാടി പദ്ധതിക്ക് അന്ന് പട്ടികവർഗ്ഗ-വൈദ്യുതി മന്ത്രിയായിരുന്ന എ.കെ. ബാലന്റെ കാർമ്മികത്വത്തിലാണ് നിലവിലെ ഊർജ്ജ നിയമം ഭേദഗതി ചെയ്ത് ചുവപ്പു പരവതാനി വിരിച്ചതെന്ന് ഓർമ്മിക്കേണ്ടതുണ്ട്. അതിനെതിരെ പ്രതിപക്ഷത്തിരുന്ന് സമരംചെയ്ത, പിന്നീട് റവന്യൂവകുപ്പ് ലഭിച്ചപ്പോൾ ആദിവാസി ഭൂമി തട്ടിപ്പ് നിയമവിധേയമാക്കി കമ്പനിയെ സഹായിക്കാൻ ഒത്താശ ചെയ്യുന്ന അട്ടപ്പാടി പാക്കേജിന് രൂപം നൽകിയ തിരുവഞ്ചൂർ രാധാകൃഷ്ണനും നമ്മുടെ മനഃസാക്ഷിയ്ക്ക് മുന്നിലുണ്ട്. ഊർജ്ജമാണ് കേരളത്തിന് അത്യാവശ്യം എന്ന വാദഗതിയാകാം അവരുടെ പിൻബലം. അതിന് ഇപ്പോൾ കേരളത്തിൽ നല്ല പിന്തുണയും കിട്ടും. ഡാമിന്റെ കാര്യത്തിലും വെള്ളവും ഊർജ്ജവും തന്നെയാകും മുദ്രാവാക്യം. ഭരണ-പ്രതിപക്ഷങ്ങൾ ഈ നിലപാടിൽ ഉറച്ചു നില്ക്കുമ്പോൾ ജനവിരുദ്ധപദ്ധതികളുടെ പേരിൽ പുറംതള്ളപ്പെടാൻ വിധിക്കപ്പെട്ട നിസ്സഹായരായ ആദിവാസികളുടെയും ദരിദ്രരുടെയും ശബ്ദം ഉയരുകതന്നെചെയ്യും. ■

## പെന്റാവാലന്റ്: കേരളത്തിൽ 14 മരണം, നടപടിയില്ല

പ്രതിരോധ വാക്സിനായ പെന്റാവാലന്റ് കുത്തിവെയ്പ് നൽകിയ 14 നവജാത ശിശുക്കൾ കേരളത്തിൽ മരിച്ചതായി വാക്സിനേഷനുകളെക്കുറിച്ച് ഗവേഷണം നടത്തുന്ന ഡോ. പി.ജി. ഹരിയും കുത്തിവയ്പ്പ് എടുത്തതിനെ തുടർന്ന് മരിച്ച കുട്ടികളുടെ രക്ഷിതാക്കളും മെയ് 7ന് തൃശൂർ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു. വാക്സിനെടുത്ത് മണിക്കൂറുകൾക്കകം മരണമടഞ്ഞ 42 ദിവസം മാത്രം പ്രായമുള്ള കീർത്തന, 47 ദിവസം പ്രായമുള്ള അബിലേഷ് എന്നീ കുഞ്ഞുങ്ങളുടെ മാതാപിതാക്കളും മുത്തച്ഛനും മുത്തശ്ശിയുമാണ് വാർത്താസമ്മേളനത്തിൽ പങ്കെടുത്തത്. ഒരു കുഴപ്പവുമില്ലാതിരുന്ന കുഞ്ഞ് വാക്സിനെടുത്ത് മണിക്കൂറുകൾക്കകം ശരീരമാകെ കരുവാളിച്ച് അനക്കമില്ലാതാവുകയായിരുന്നുവെന്ന് ചാലക്കുടി സ്വദേശികളായ അബിലേഷിന്റെ രക്ഷിതാക്കൾ പറഞ്ഞു. തങ്ങളുടെ മകളും ഇങ്ങനെ മരിക്കുകയായിരുന്നെന്നും സംശയം തോന്നിയാണ് പോസ്റ്റ്മോർട്ടം നടത്തിയതെന്നും കീർത്തനയുടെ മാതാപിതാക്കളായ വടൂക്കര സ്വദേശികൾ പറഞ്ഞു. പരാതി നൽകിയെങ്കിലും സംസ്ഥാന സർക്കാർ അന്വേഷണം നടത്തുകയോ ആശ്വാസനടപടികളെടുക്കുകയോ ചെയ്തില്ലെന്ന് അദ്ദേഹം ആരോപിച്ചു.

***ബന്ധങ്ങൾക്ക്: 9497644147***